LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതി പ്രവൃത്തികൾ

93 (1120) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതിപ്രകാരം കുട്ടനാട്ടിൽ ഏതെല്ലാം പ്രവൃത്തികൾക്ക് 2014-15 സാമ്പത്തിക വർഷം എത്ര തുക വീതം അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ :

(ബി) കുട്ടനാട്ടിൽ 2014-15 സാമ്പത്തിക വർഷത്തിൽ സ്കൂളുകൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര തുക അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ എസ്.എസ്.എ. പ്രവർത്തനങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത യൂണിഫോമിന്റെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

ഹോസ്ദുർഗ് ഗവൺമെന്റ് സ്കൂളിലെ യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക

94 (1121) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്ന് വർഷമായി കാസർഗോഡ് ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുണ്ടായിരുന്ന യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ :

(ബി) പ്രസ്തുത സ്കൂളിൽ കന്നടവിഭാഗം അനുവദിച്ച ജി.ഒ. നമ്പർ 4953/2000 തീയതി 2-12-2000 പൊതുവിദ്യാഭ്യാസം എന്ന ഉത്തരവ് അവഗണിച്ചാണോ പ്രസ്തുത തസ്തിക റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക റദ്ദ് ചെയ്തതുമൂലം കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾ സഹിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതുപരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.